10.	മലപ്പുറം	15020085
11.	കോഴിക്കോട്	9838340
12.	വയനാട്	111079718
13.	കണ്ണൂർ	33484244
14.	കാസർഗോഡ്	13299790

(ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ആനകളുടെ പരിപാലന, സംരക്ഷണ ചെലവും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും

280 (3792) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ വിവിധ ആനപരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസാക്കിയ എസ്റ്റിമേറ്റ് തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് വിശദമാക്കുമോ; പരിപാലനകേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചരിഞ്ഞ ആനകളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(ബി) അടുത്തകാലത്തായി ആനവേട്ട വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനവേട്ടക്കാരെ നേരിടുന്നതിന് ജീവനക്കാർക്ക് നല്കിയിട്ടുള്ള പരിശീലനത്തെകുറിച്ച് വിശദമാക്കുമോ; പട്രോളിംഗ് നടത്തുന്നതിന് വാഹന സൗകര്യമുള്ള എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ കേരളത്തിലുണ്ട്; കണക്ക് വ്യക്തമാക്കുമോ;

(സി) ആനവേട്ട വ്യാപകമായ കൊട്ടംകാടുകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഇപ്പോഴും റിസ്ക് അലവൻസ്, റേഷനമണി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) വനം വകുപ്പിൽ ഒരേ തസ്തികയിൽ കഴിഞ്ഞ 15 വർഷക്കാലമായി സേവനമനുഷ്ഠിക്കുന്ന ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനം വകുപ്പിന്റെ 3 ആന പരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസ്സാക്കിയ എസ്റ്റിമേറ്റ് തുക 250.52 ലക്ഷം രൂപയും, ചെലവഴിച്ച തുക 199.50 ലക്ഷവുമാണ്. പരിപാലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ആന ചരിഞ്ഞിട്ടുണ്ട്.

(ബി) അടുത്ത കാലത്ത് ആനവേട്ട വ്യാപകമായുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാറ്റൂർ, വാഴച്ചാൽ മേഖലയിലാണ് ആനവേട്ട നടന്നതായി കണ്ടെത്തിയിട്ടുള്ളത്. ആനവേട്ടക്കാരെ നേരിടുന്നതിനായി ജീവനക്കാർക്ക് പ്രത്യേകിച്ച് പരിശീലനം നൽകിയിട്ടില്ലെങ്കിലും രഹസ്യ വിവര ശേഖരണം, ആയുധ പരിശീലനം എന്നിവ ഉൾപ്പെടെയുള്ള പരിശീലനങ്ങൾ കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെയും കാലാകാലങ്ങളിൽ നടത്തുന്ന റിഫ്രഷർ ട്രെയിനിംഗിലൂടെയും നൽകി വരുന്നു. 100 ഫോറസ്റ്റ് സ്റ്റേഷനുകളിൽ വാഹന സൗകര്യമുണ്ട്.

(സി) സംരക്ഷിത പ്രദേശങ്ങളിലും, മറ്റ് സംരക്ഷിത പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുള്ള മേഖലകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് റിസ്ക് അലവൻസ്, റേഷൻ മണി എന്നിവ നൽകിവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

നാട്ടാനകളുടെ പരിപാലനം

281 (3793) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നാട്ടാനകളെ പരിപാലിക്കുന്നുണ്ട്; ഇവയ്ക്കെല്ലാം രജിസ്ട്രേഷൻ ബാധകമാണോ; എങ്കിൽ സംസ്ഥാനത്തെ എല്ലാ നാട്ടാനകളെ സംബന്ധിച്ച വിവരവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ;

(ബി) ഇവയുടെ കണക്കെടുപ്പും രജിസ്ട്രേഷനും ഏത് രീതിയിലാണ് നടത്തുന്നത്;

(സി) നാട്ടാനകളെ പീഡിപ്പിക്കുകയും ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യാത്ത ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) മദപ്പാടുള്ള നാട്ടാനകളെ ഘോഷയാത്രകളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly